## പതിമൂന്നാം കേരളനിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4875 — 01.07.2013 ന് മറുപടിയ്ക്ക്.

## വന്യമൃഗങ്ങൾ ഉയർത്തുന്ന ഭീഷണി തടയുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.പി.അബ്ദുസ്സമദ് സമദാനി<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.എൻ.ഷംസുദ്ദീൻ<br>ശ്രീ.സി. മോയിൻകുട്ടി | ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ വനം മേഖലയോട് ചേർന്ന പ്രദേശങ്ങളിലും ചെറുപട്ടണങ്ങളിലും ജനജീവിതത്തിന് വന്യമൃഗങ്ങൾ ഉയർത്തുന്ന ഭീഷണി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രശ്നം ഗൗരവപൂർവ്വം പരിഗണിക്കപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രശ്നം ഗൗരവപൂർവ്വമായിത്തന്നെ പരിഗണിക്കപ്പെട്ടിട്ടുമുണ്ട്. |
| (ബി) വനത്തിനുള്ളിൽ കഴിയുന്ന ഹിംസ്ര മൃഗങ്ങൾ വനപ്രദേശങ്ങൾ വിട്ട് ജനവാസ കേന്ദ്രങ്ങളിൽ എത്തിപ്പെടുന്നസാഹചര്യം പരിശോധിച്ചിട്ടുണ്ടോ ; കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) ഉണ്ട്. താഴെപ്പറയുന്നവയാണ് വന്യമൃഗങ്ങൾ വനപ്രദേശങ്ങൾ വിട്ട് ജനവാസ കേന്ദ്രങ്ങളിൽ എത്തിപ്പെടുന്നതിനുള്ള കാരണങ്ങളായി കണ്ടെത്തിയിട്ടുള്ളത്.<br>1. ഫലപ്രദമായ വന്യജീവി സംരക്ഷണത്തിന്റെ ഭാഗമായി വന്യമൃഗങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്.<br>2. വന്യജീവികളെ ആകർഷിക്കുന്ന രീതിയിലുള്ള നെല്ല്, വാഴ, തെങ്ങ് മുതലായ കൃഷികളുടെ സാന്നിദ്ധ്യം വനാതിർത്തിയിൽ ഉണ്ടാകുന്നതുമൂലം.<br>3. വനത്തിനുള്ളിൽ ഉണ്ടാകുന്ന ജല-ഭക്ഷണ ദൗർലഭ്യം.<br>4. ദൈനംദിനം വനത്തിൽ സ്വതന്ത്രമായി തുറന്നുവിടുന്ന ലക്ഷക്കണക്കിന് കന്നുകാലികൾ തീറ്റപ്പുല്ലിനുവേണ്ടി വന്യമൃഗങ്ങളുമായി മത്സരിക്കുന്നതുമൂലം.<br>5. വന്യമൃഗങ്ങളുടെ സഞ്ചാരപഥത്തിന് വിഘ്നം നേരിടുന്നതു മൂലം. |

(സി) നിലവിലെ വനമേഖല വന്യമൃഗജീവിതത്തിന് അനുയോജ്യമാക്കി നിലനിർത്തുന്നതിനും, ജനജീവിതമേഖലകളിൽ അവയുടെ കടന്നുകയറ്റം തടഞ്ഞ് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനുമുള്ള പ്രായോഗിക നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ?

(സി) സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.